©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വ്യാഴം
Thiruvananthapuram,
Thursday

2025 ഒക്ടോബർ 30
30th October 2025
1201 തുലാം 13
13th Thulam 1201
1947 കാർത്തികം 8
8th Karthika 1947

നമ്പർ
No. 3826

GOVERNMENT OF KERALA

Law (Legislation-C) Department

NOTIFICATION

No. 79/Leg. C3/2025/Law. *Dated, Thiruvananthapuram, 29th October, 2025*
12th Thulam, 1201
7th Karthika, 1947.

The following Act of the Kerala State Legislature is hereby published for general information. The Bill as passed by the Legislative Assembly received the assent of the Governor on the 25th day of October, 2025.

By order of the Governor,

K. G. SANAL KUMAR,
Law Secretary.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ACT 9 OF 2025

THE KERALA COIR WORKERS' WELFARE FUND (AMENDMENT) ACT, 2025

An Act further to amend the Kerala Coir Workers' Welfare Fund Act, 1987.

Preamble.—WHEREAS, it is expedient further to amend the Kerala Coir Workers' Welfare Fund Act, 1987 for the purposes hereinafter appearing;

BE it enacted in the Seventy-sixth year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Coir Workers' Welfare Fund (Amendment) Act, 2025.

(2) It shall come into force at once.

2. *Amendment of section 2.*—In the Kerala Coir Workers' Welfare Fund Act, 1987 (34 of 1987) (hereinafter referred to as the principal Act), in section 2,—

(i) the existing clause (a) shall be re-lettered as clause (aa) and before clause (aa) so re-lettered the following clause shall be inserted, namely:—

"(a) "Appellate Authority" means the appellate authority under sub-section (4) of section 11;";

(ii) after clause (d) and the explanation thereunder the following clause shall be inserted, namely:—

"(da) "Compounding Officer" means an officer designated by the Government under section 17D;".

3. *Omission of section 13.*—Section 13 of the principal Act shall be omitted.

4. *Amendment of section 14*.—In section 14 of the principal Act, after the words, "priority to all other debts" the words, figures, letter, symbols and bracket "subject to section 26E of the Securitisation and Reconstruction of Financial Assets and Enforcement of Security Interest Act, 2002 (Central Act 54 of 2002)," shall be inserted.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5. *Amendment of section 17.*—In section 17 of the principal Act,—

(i) in sub-section (1), for the words and symbols "shall be punishable with imprisonment for a term which may extent to three months, or with fine which may extend to five hundred rupees, or with both" the words "shall be liable to a penalty of double the amount due by him under this Act" shall be substituted;

(ii) in sub-section (2), for the words and symbol "be punishable with imprisonment for a term which may extend to two months or with fine which may extend to four hundred rupees, or with both" the words "be liable to a penalty of twenty five thousand rupees" shall be substituted;

(iii) sub-sections (3) and (4) shall be omitted.

6. *Insertion of new sections after section 17.*—In the principal Act, after section 17, the following sections shall be inserted, namely:—

"17A. *Opportunity before imposing penalty.*—Notwithstanding anything contained in this Act, for imposing penalty under section 17, an officer equivalent to the rank of the Coir Project Officer in the Industries/Coir Department may be designated by the Government, by notification in the Gazette, who shall before taking steps to impose penalty, give an opportunity to the person concerned, to comply with the aforesaid relevant provisions by written direction laying down a time period not exceeding ninety days for such compliance and if the person complies with the direction within the said period, then, no such proceedings shall be initiated against him.

17B. *Punishment for non-payment of penalty.*—(1) Whoever fails to pay the penalty imposed under section 17 of this Act, within a period of ninety days from the date of receipt of the copy of the order, shall be punishable with imprisonment for a term which may extend to six months and with a fine of double the amount imposed as penalty.

(2) No Court inferior to that of a Judicial Magistrate of the First Class shall try any offence punishable under sub-section (1).

(3) No Court shall take cognizance of any offence punishable under sub-section (1) except on a report in writing of the facts constituting such offence made with previous sanction of the officer authorized to impose the fine.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

17C. *Power of Officers to impose penalty.*—(1) For the purpose of imposing penalty under section 17 of this Act, an officer as designated by the Government under section 17A of this Act, shall impose the same as provided under this Act, after holding an enquiry in the manner as may be prescribed.

(2) While holding enquiry under sub-section (1), the officer shall have the power to summon and enforce attendance of any person acquainted with the facts and circumstances of the case to give evidence or to produce any document, which in the opinion of the officer, may be useful or relevant to the subject matter of the enquiry and if on such enquiry he is satisfied that the person has committed the offence, he shall impose such penalty as provided under this Act.

(3) Any person aggrieved by an order made by the officer under sub-section (2) may prefer an appeal in such form and in such manner with such fee, as may be prescribed, before the Appellate Authority within thirty days from the date on which such order is communicated to him:

Provided that the Appellate Authority may entertain the appeal after the expiry of the said period of thirty days, if such authority is satisfied that the appellant was prevented by sufficient cause from filing the appeal in time.

(4) The Appellate Authority may, after giving the parties to the appeal an opportunity of being heard, pass such order as he thinks fit, confirming, modifying or setting aside the order appealed against within a period of sixty days from the date of receipt of the appeal.

(5) The amount of penalty received shall be credited to the Consolidated Fund of the State.

17D. *Compounding of Offences*.—(1) The offences under section 17B of this Act, may be compounded, either before or after institution of prosecution by an officer equivalent to the rank of Joint Director in the Industries/Coir Department, appointed by the Government by notification in the Gazette in this behalf, on an application made to such officer by the person alleged of the offence, on payment of seventy five per cent of the amount of fine provided under the said section.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) Every application for compounding the offences shall be made in such form and in such manner as may be prescribed.

(3) Where compounding of an offence is made before the institution of prosecution, no prosecution shall be instituted with respect to that offence against whom the offence is so compounded.

(4) Where the compounding of an offence is made after institution of the prosecution, such compounding shall be made with the permission of the court and after such compounding the accused shall be acquitted.

(5) The amount received on compounding of the offences shall be credited to the Consolidated Fund of the State.

17E. *Mode of Recovery of money due from any person.*—Any amount due from any person under this Act or rules or scheme made thereunder may be recovered with interest in the same manner as arrears of public revenue due on land as per the provisions of the Kerala Revenue Recovery Act, 1968 (15 of 1968), for the time being in force.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

വിജ്ഞാപനം

നമ്പർ 79/ലെഗ്. സി3/2025/നിയമം. *തിരുവനന്തപുരം, 2025 ഒക്ടോബർ 29*
1201 തുലാം 12
1947 കാർത്തികം 7.

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2025 ഒക്ടോബർ 25-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
നിയമ സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2025-ലെ 9-ാം ആക്റ്റ്

2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ്

1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റ്
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്റ്റിന് 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1987-ലെ 34) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) നിലവിലുള്ള (എ) ഖണ്ഡം (എഎ) ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (എഎ) ഖണ്ഡത്തിന് മുൻപായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(എ) "അപ്പീൽ അധികാരി" എന്നാൽ 11-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീൽ അധികാരി എന്നർത്ഥമാകുന്നു;";

(ii) (ഡി) ഖണ്ഡത്തിനും ആയതിൻ കീഴിലുള്ള വിശദീകരണത്തിനും ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡിഎ) "കോമ്പൗണ്ടിംഗ് ഓഫീസർ" എന്നാൽ 17 ഡി വകുപ്പ് പ്രകാരം സർക്കാർ നിയോഗിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. 13-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 13-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

4. 14-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ, "വീതിച്ചുകൊടുക്കുമ്പോൾ" എന്ന വാക്കിനുശേഷം, "2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റിലെ (2002-ലെ 54-ാം കേന്ദ്ര ആക്റ്റ്) 26ഇ വകുപ്പിന് വിധേയമായി" എന്ന ചിഹ്നങ്ങളും അക്കങ്ങളും വാക്കുകളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

5. 17-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "ഏതൊരാൾക്കും മൂന്നുമാസംവരെയുള്ള തടവോ അഥവാ അഞ്ഞൂറു രൂപവരെയുള്ള പിഴയോ അഥവാ ഇവ രണ്ടും കൂടിയതോ ആയ ശിക്ഷ നൽകാവുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "ഏതൊരാളും ഈ ആക്റ്റ് പ്രകാരം കുടിശ്ശികയായിട്ടുള്ള തുകയുടെ ഇരട്ടി പിഴശിക്ഷയ്ക്ക് ബാധ്യസ്ഥനാകുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപവകുപ്പിൽ, "രണ്ടുമാസംവരെയുള്ള തടവോ അഥവാ നാനൂറു രൂപവരെയുള്ള പിഴയോ അഥവാ ഇവ രണ്ടും കൂടിയതോ ആയ ശിക്ഷ നൽകാവുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിഅയ്യായിരം രൂപ പിഴശിക്ഷയ്ക്ക് ബാധ്യസ്ഥനാകുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (3)-ഉം, (4)-ഉം ഉപവകുപ്പുകൾ വിട്ടുകളയേണ്ടതാണ്.

6. 17-ാം വകുപ്പിന് ശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"17എ. പിഴ ചുമത്തുന്നതിന് മുൻപുള്ള അവസരം.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 17-ാം വകുപ്പ് പ്രകാരമുള്ള പിഴ ചുമത്തുന്നതിനായി സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, വ്യവസായ/കയർ വകുപ്പിലെ പ്രോജക്ട് ഓഫീസറുടെ തുല്യ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കാവുന്നതും, അദ്ദേഹം പിഴ ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുൻപായി പ്രസ്തുത വ്യവസ്ഥകൾ പാലിക്കാൻ ബന്ധപ്പെട്ട ആളിന് തൊണ്ണൂറ് ദിവസത്തിൽ അധികരിക്കാത്ത ഒരു സമയപരിധി രേഖാമൂലം നിശ്ചയിച്ചു നൽകേണ്ടതും, പ്രസ്തുത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമയ പരിധിക്കുള്ളിൽ ആൾ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ അയാൾക്കെതിരെ അത്തരത്തിലുള്ള നടപടികളൊന്നും തന്നെ ആരംഭിക്കാൻ പാടില്ലാത്തതുമാണ്.

17ബി. പിഴ ഒടുക്കാത്തതിലുള്ള ശിക്ഷ.—(1) ഈ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരം പിഴ ചുമത്തിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റിയ തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനുള്ളിൽ പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏതൊരാളും ആറു മാസക്കാലം വരെയാകാവുന്ന തടവും പിഴത്തുകയുടെ ഇരട്ടിപ്പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റവും, ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ താഴെയുള്ള യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടില്ലാത്തതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റവും, പിഴ ചുമത്തുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടെയും അപ്രകാരമുള്ള കുറ്റങ്ങൾക്ക് കാരണമായ അദ്ദേഹത്തിന്റെ രേഖാമൂലമുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലല്ലാതെ യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടില്ലാത്തതാണ്.

17സി. പിഴ ചുമത്താൻ ഉദ്യോഗസ്ഥർക്കുള്ള അധികാരം.—(1) ഈ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരം പിഴ ചുമത്തുന്നതിലേക്കായി ഈ ആക്റ്റിലെ 17എ വകുപ്പ് പ്രകാരം സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥൻ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഒരു അന്വേഷണം നടത്തിയ ശേഷം, ഈ ആക്റ്റ് പ്രകാരമുള്ള പിഴ ചുമത്തേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അന്വേഷണം നടത്തുമ്പോൾ, ഉദ്യോഗസ്ഥന് വിഷയത്തിന്റെ വസ്തുതകളുമായും സാഹചര്യങ്ങളുമായും നേരിട്ട് അറിവുള്ള ഏതൊരാളെയും തെളിവ് നൽകുന്നതിനായോ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തിൽ അന്വേഷണവുമായി ബന്ധപ്പെട്ട വിഷയത്തിന് ഉപയോഗപ്രദമോ പ്രസക്തമോ ആകുന്നതുമായ, ഏതെങ്കിലും രേഖ ഹാജരാക്കുന്നതിനായോ വിളിച്ചു വരുത്തുന്നതിനും ഹാജരാകുവാൻ നിർബന്ധിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതും അത്തരം അന്വേഷണത്തിൽ ആ ആൾ കുറ്റം ചെയ്തുവെന്ന് ബോധ്യപ്പെടുന്നപക്ഷം, അദ്ദേഹം ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു പിഴ ചുമത്തേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച ഒരു ഉത്തരവിൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അങ്ങനെയുള്ള ഉത്തരവ് അയാളെ അറിയിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ അപ്പീൽ അധികാരി മുമ്പാകെ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസ് സഹിതവും ഒരു അപ്പീൽ നൽകാവുന്നതാണ്:

എന്നാൽ, യഥാസമയം അപ്പീൽ നൽകുന്നതിൽ നിന്നും മതിയായ കാരണത്താൽ അപ്പീൽവാദി തടയപ്പെട്ടിരുന്നുവെന്ന് അപ്പീൽ അധികാരിക്ക് ബോധ്യമാകുന്നപക്ഷം, നിശ്ചിത സമയമായ മുപ്പത് ദിവസത്തെ കാലാവധി കഴിഞ്ഞതിനുശേഷം ബോധിപ്പിക്കുന്ന അപ്പീലും അപ്പീൽ അധികാരിക്ക് പരിഗണിക്കാവുന്നതാണ്.

(4) അപ്പീൽ അധികാരിക്ക് അപ്പീൽ കക്ഷികളെ കേൾക്കുന്നതിനുള്ള ഒരവസരം നൽകിയതിനുശേഷം, അപ്പീൽ ലഭിച്ച തീയതി മുതൽ അറുപതുദിവസത്തിനുള്ളിൽ, ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ നൽകിയിട്ടുള്ളത് ആ ഉത്തരവ് സ്ഥിരീകരിക്കുകയോ രൂപഭേദപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നത് ഉചിതമാണെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള ഉത്തരവ് പാസ്സാക്കാവുന്നതാണ്.

(5) പിഴയായി ഈടാക്കുന്ന തുക സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

17ഡി. കുറ്റങ്ങൾ രാജിയാക്കൽ.—(1) ഈ ആക്റ്റിലെ 17ബി വകുപ്പ് പ്രകാരമുള്ള കുറ്റങ്ങൾ രാജിയാക്കുന്നതിന് പ്രോസിക്യൂഷൻ നടപടികൾക്കു മുൻപോ പിൻപോ, കുറ്റാരോപിതന്, സർക്കാർ വിജ്ഞാപനപ്രകാരം നിയമിക്കുന്ന വ്യവസായ/കയർ വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ തുല്യ പദവിയിലുള്ള കോമ്പൗണ്ടിംഗ് ഓഫീസർ മുൻപാകെ അപേക്ഷ സമർപ്പിക്കാവുന്നതും പ്രസ്തുത വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം ചുമത്തിയിട്ടുള്ള പിഴത്തുകയുടെ എഴുപത്തിയഞ്ചു ശതമാനം ഒടുക്കിയാൽ കോമ്പൗണ്ടിംഗ് ഓഫീസർക്ക് രാജിയാക്കാവുന്നതുമാണ്.

(2) കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള എല്ലാ അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും നൽകേണ്ടതാണ്.

(3) പ്രോസിക്യൂഷൻ നടപടികൾക്ക് മുൻപായി ഒരു കുറ്റം രാജിയാക്കുകയാണെങ്കിൽ, അത്തരം സന്ദർഭങ്ങളിൽ കുറ്റാരോപിതനുമേൽ പ്രസ്തുത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കുറ്റവുമായി ബന്ധപ്പെട്ട് യാതൊരു പ്രോസിക്യൂഷൻ നടപടികളും ആരംഭിക്കാൻ പാടുള്ളതല്ല.

(4) പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചതിനുശേഷം ഒരു കുറ്റം രാജിയാക്കുന്നത് കോടതിയുടെ അനുമതിയോടു കൂടി ആയിരിക്കേണ്ടതും അപ്രകാരമുള്ള രാജിയാക്കലിന് ശേഷം കുറ്റാരോപിതൻ കുറ്റവിമുക്തനാകുന്നതുമാണ്.

(5) കുറ്റങ്ങൾ രാജിയാക്കുന്നതിലൂടെ ലഭിക്കുന്ന തുക സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

17ഇ. ഏതൊരാളിൽ നിന്നും കിട്ടേണ്ട പണം വസൂലാക്കേണ്ട രീതി.—ഈ ആക്റ്റോ ആയതിൻ കീഴിലുള്ള ചട്ടങ്ങളോ പദ്ധതിയോ പ്രകാരം ഏതൊരാളിലും കുടിശ്ശികയായിട്ടുള്ള ഏതെങ്കിലും തുക, പലിശ സഹിതം, തത്സമയം പ്രാബല്യത്തിലുള്ള 1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റിൽ (1968-ലെ 15) വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ പൊതുനികുതി കുടിശ്ശിക എന്ന പോലെ ഈടാക്കാവുന്നതാണ്.".

(ശരിത്തർജ്ജമ)

ബി. പ്രതാപചന്ദ്രൻ,
അഡീഷണൽ നിയമ സെക്രട്ടറി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.30 02:38:48 +05:30